## പതിമൂന്നാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1712 | 17.06.2013-ൽ മറുപടിക്ക്

### സേവന അവകാശ നിയമം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. ദിവാകരൻ<br>ശ്രീമതി. ഇ.എസ്.ബിജിമോൾ<br>ശ്രീ. കെ.രാജു<br>ശ്രീ. വി.ശശി | ശ്രീ. ഉമ്മൻചാണ്ടി<br>ബഹു.മുഖ്യമന്ത്രി |
| (എ) സംസ്ഥാനത്ത് സേവന അവകാശ നിയമം നിലവിൽ വന്നതെന്നാണ് ; എല്ലാ വകുപ്പുകളും അവർ നൽകുന്ന സേവനങ്ങളെക്കുറിച്ച് എത്ര കാലാവധിക്കുള്ളിൽ വിജ്ഞാപനം നടത്തണമെന്നാണ് നിഷ്കർഷിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) 01.11.2012 മുതലാണ് കേരള സംസ്ഥാന സേവനാവകാശ നിയമം, 2012 നിലവിൽ വന്നത്. 01.11.2012 മുതൽ 6 മാസത്തിനകം ടി നിയമപ്രകാരമുള്ള ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കണമെന്നാണ് നിഷ്കർഷിച്ചിരുന്നത്. |
| (ബി) എല്ലാ ആഫീസുകളിലും നൽകുന്ന സേവനങ്ങളെക്കുറിച്ചും ആഫീസർമാരുടെ വിവരങ്ങൾ എന്നിവയെ സംബന്ധിച്ചും പ്രദർശിപ്പിക്കണമെന്ന നിർദ്ദേശം പൂർണ്ണമായി പാലിച്ചിട്ടില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എല്ലാ ആഫീസുകളിലും വിവരങ്ങൾ പ്രദർശിപ്പിക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ; | (ബി) ഇല്ല. കേരള സംസ്ഥാന സേവനാവകാശ ചട്ടങ്ങൾ കർശനമായി പാലിക്കേണ്ടതും ചട്ടം '6' പ്രകാരം എല്ലാ സർക്കാർ സ്ഥാപനങ്ങളുടെയും നോട്ടീസ് ബോർഡിൽ സേവനാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്ന സേവനങ്ങൾ, നിശ്ചിത സമയപരിധി, നിയുക്ത ഉദ്യോഗസ്ഥൻ, ഒന്നാം അപ്പീൽ അധികാരി, രണ്ടാം അപ്പീൽ അധികാരി എന്നിവയും സേവനങ്ങൾ ലഭിക്കുന്നതിന് അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതായ |

എല്ലാ രേഖകളെപ്പറ്റിയുള്ള വിവരങ്ങളും പ്രസ്തുത ചട്ടങ്ങളുടെ അനുബന്ധമായി ചേർത്തിട്ടുള്ള ഫാറങ്ങളും എഴുതി പ്രദർശിപ്പിക്കേണ്ടതാണ് എന്നും 19.02.2013-ലെ 21145/എ.ആർ.12(1)/12/ഉ.ഭ.പ.വ. സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സേവനാവകാശ നിയമത്തിന്റെ നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്ന വകുപ്പ് ഏതാണ് ; ഏതെങ്കിലും വകുപ്പുകൾ ഈ നിയമം നടപ്പാക്കിയതു സംബന്ധിച്ച വിവരം ഈ നോഡൽ ഏജൻസിയുടെ കൈവശമുണ്ടോ; എങ്കിൽ വിശദമാക്കുമോ?

(സി) സേവനാവകാശ നിയമം സംബന്ധിച്ച വിഷയം കൈകാര്യം ചെയ്യുന്നത് ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പാണ്. കേരള സംസ്ഥാന സേവനാവകാശ നിയമം, 2012 നിലവിൽ വന്നതിനു ശേഷം ടി നിയമപ്രകാരമുള്ള ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ച് പകർപ്പ് ലഭ്യമാക്കിയ 46 സർക്കാർ വകുപ്പുകളുടെയും 11 അനുബന്ധ സ്ഥാപനങ്ങളുടെയും ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.

സെക്ഷൻ ഓഫീസർ

## അനുബന്ധം

## സേവനാവകാശ നിയമം പ്രാബല്യത്തിൽ വന്നതിനുശേഷം ഇതുവരെ ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ച വകുപ്പുകൾ/അനുബന്ധ സ്ഥാപനങ്ങൾ

### സർക്കാർ വകുപ്പുകൾ

| | | | |
|---|---|---|---|
| 1 | വിവര സാങ്കേതിക വകുപ്പ്, സെക്രട്ടേറിയറ്റ് | 2 | ട്രഷറി വകുപ്പ് |
| 3 | മത്സ്യബന്ധന വകുപ്പ് | 4 | നോർക്ക വകുപ്പ് |
| 5 | തുറമുഖ വകുപ്പ് | 6 | കമേഴ്സ്യൽ ടാക്സസ് വകുപ്പ് |
| 7 | വനം-വന്യജീവി വകുപ്പ് | 8 | സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് |
| 9 | റവന്യൂ വകുപ്പ് | 10 | ഭവന നിർമ്മാണ വകുപ്പ് (സാങ്കേതിക വിഭാഗം) |
| 11 | കൃഷി ഡയറക്ടറേറ്റ് | 12 | മണ്ണ് പര്യവേക്ഷണ സംരക്ഷണ ഡയറക്ടറേറ്റ് |
| 13 | പ്രിൻറിംഗ് വകുപ്പ് | 14 | പോലീസ് വകുപ്പ് |
| 15 | സിവിൽ സപ്ലൈസ് കമ്മീഷണറേറ്റ് | 16 | സൈനിക് വെൽഫയർ വകുപ്പ് |
| 17 | ഫ്രീഡം ഫൈറ്റേഴ്സ് പെൻഷൻ വകുപ്പ് | 18 | ലോട്ടറീസ് വകുപ്പ് |
| 19 | എക്സൈസ് വകുപ്പ് | 20 | രജിസ്ട്രേഷൻ വകുപ്പ് |
| 21 | സ്റ്റേഷനറി വകുപ്പ് | 22 | മൃഗസംരക്ഷണ വകുപ്പ് |
| 23 | പാർലമെന്ററി അഫയേഴ്സ് വകുപ്പ് | 24 | ആഭ്യന്തര (അറ്റസ്റ്റേഷൻ) വകുപ്പ്, (സെക്രട്ടേറിയറ്റ്) |
| 25 | ഇക്കോ ടൂറിസം വകുപ്പ് | 26 | ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ് |
| 27 | ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര (ഔദ്യോഗിക ഭാഷാ) വകുപ്പ്, സെക്രട്ടേറിയറ്റ്. | 28 | പൊതു മരാമത്ത് വകുപ്പ് |
| 29 | പൊതുവിദ്യാഭാസ വകുപ്പ് | 30 | ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കന്ററി |
| 31 | ഡയറക്ടർ ,ഹയർ സെക്കന്ററി വകുപ്പ് | 32 | ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ് |
| 33 | പരീക്ഷാ ഭവൻ | 34 | ലീഗൽ മെട്രോളജി വകുപ്പ് |
| 35 | വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് | 36 | മൈനിംഗ് & ജിയോളജി |
| 37 | ഡയറക്ടർ , ഹാന്റ്ലൂം & ടെക്സ്റ്റയിൽസ് | 38 | ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ് |
| 39 | കയർ വികസന ഡയറക്ടറേറ്റ് | 40 | ജയിൽ വകുപ്പ് |
| 41 | നഗരകാര്യ ഡയറക്ടർ | 42 | പട്ടികവർഗ്ഗ വികസന വകുപ്പ് (സെക്രട്ടേറിയറ്റ്) |

| | | | |
|---|---|---|---|
| 43 | പട്ടികജാതി വികസന വകുപ്പ് (സെക്രട്ടേറിയറ്റ്) | 44 | പട്ടികജാതി വികസന വകുപ്പ് |
| 45 | പട്ടികവർഗ്ഗ വികസന വകുപ്പ് | 46 | വിനോദ സഞ്ചാര വകുപ്പ് |

**അനുബന്ധ സ്ഥാപനങ്ങൾ**

| | | | |
|---|---|---|---|
| 1 | കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ | 2 | ഹൗസിംഗ് ബോർഡ് |
| 3 | നിർമ്മിതി കേന്ദ്രം | 4 | കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് |
| 5 | പട്ടികജാതിപട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ലിമിറ്റഡ് | 6 | സ്ക്രൂട്ടിനി കമ്മിറ്റി ഫോർ വെരിഫിക്കേഷൻ ഓഫ് കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്സ് (എസ്.സി/എസ്.റ്റി) |
| 7 | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 8 | എനർജി മാനേജ്മെന്റ് സെന്റർ |
| 9 | കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ | 10 | കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ |
| 11 | കിറ്റ്സ് (ടൂറിസം) | | |

സെക്ഷൻ ഓഫീസർ